DESPATCHED
On..19/11/21..

05/11/21



സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
തിരുവനന്തപുരം 695 001
Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic.ker@nic.in

ഹർജി നമ്പർ AP.No.1752(4)/2017/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No.11614/SIC-Gen 2/2017**

സന്നിഹിതൻ

ശ്രീ.കെ.വി.സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. കെ. വിജയകുമാർ,
ലക്ഷ്മീ ഭവൻ,
കാട്ടുക്കര, തിരുവല്ല,
പത്തനംതിട്ട ജില്ല. } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   മുനിസിപ്പൽ എഞ്ചിനീയർ,
   തിരുവല്ല നഗരസഭ,
   തിരുവല്ല, പത്തനംതിട്ട ജില്ല.

2. അപ്പീൽ അധികാരി & മുനിസിപ്പൽ സെക്രട്ടറി,
   തിരുവല്ല നഗരസഭ,
   തിരുവല്ല, പത്തനംതിട്ട ജില്ല.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 06.02.2017 |
| മറുപടി ലഭ്യമാക്കിയ തീയതി | 28.04.2017 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 28.04.2017 |
| മറുപടി ലഭ്യമാക്കിയ തീയതി | - |
| രണ്ടാം അപ്പീൽ അപേക്ഷ കമ്മീഷനിൽ നൽകിയ തീയതി | 23.08.2017 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ അപേക്ഷ ലഭ്യമായ തീയതി | 26.08.2017 |

## ഉത്തരവ്

ടി അപ്പീൽ ഹർജിയിൽ കമ്മീഷൻ 07.09.2021ൽ താൽക്കാലിക ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. നിശ്ചിത സമയപരിധിക്കുള്ളിൽ വിവരാവകാശ അപേക്ഷയ്ക്ക് മറുപടി നൽകുന്നതിൽ വീഴ്ച വരുത്തിയ എതിർകക്ഷികൾക്കെതിരെ നടപടി എടുക്കാതിരിക്കാൻ കാരണങ്ങളുണ്ടെങ്കിൽ ആയതു കമ്മീഷനെ അറിയിക്കണം എന്നായിരുന്നു ടി ഉത്തരവിൽ പറഞ്ഞിരുന്നത്.

2. ഇതിന്റെ അടിസ്ഥാനത്തിൽ പരാമർശിത കാലയളവിലെ രണ്ടാം എതിർകക്ഷി 11.10.21ൽ തയ്യാറാക്കിയ വിശദീകരണം നിലവിലെ ഒന്നാം എതിർകക്ഷി 20.10.21ൽ കമ്മീഷന് നൽകിയിട്ടുണ്ട്. ടിയാന്റെ വിശദീകരണത്തിൽ പറയുന്നത് 2010-11 മുതൽ 2016-17 വരെയുള്ള വർഷങ്ങളിലെ ജനകീയ ആസൂത്രണ പദ്ധതി പ്രകാരം വ്യക്തിഗത ഉപഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ നൽകിയിട്ടുള്ളതിന്റെ വിവരങ്ങൾ വാർഡ് തിരിച്ച് പ്രത്യേകം തയ്യാറാക്കാ

തിരുന്നതിനാൽ, നഗരസഭയിൽ സൂക്ഷിച്ചിരിക്കുന്ന രേഖകൾ പരിശോധിച്ച് ബോധ്യപ്പെടുന്നതിന് മുൻകൂട്ടി അറിയിക്കുന്നത് അനുസരിച്ച് ഓഫീസിൽ ആവശ്യമായ ക്രമീകരണങ്ങൾ ചെയ്തു നൽകുന്നതാണെന്നുമാണ്.

3. നിരവധി വർഷങ്ങളിലെ ജനകീയാ ആസൂത്രണ പദ്ധതിക്ക് കീഴിൽ വ്യക്തിഗത ഉപഭോക്താക്കൾക്കുള്ള ആനുകൂല്യങ്ങൾ നൽകിയതിന്റെ വിവരങ്ങൾ പ്രത്യേകം തയ്യാറാക്കാതിരുന്നതിനാലാണ്, ആയത് പരിശോധിച്ച് ബോധ്യപ്പെടുന്നതിന് അപേക്ഷകനോട് ഓഫീസിലെത്തി പരിശോധിക്കാൻ അറിയിച്ചിരുന്നത് എന്ന രണ്ടാം എതിർകക്ഷിയുടെ വിശദീകരണം അംഗീകരിക്കുന്നു. ആയതുകൊണ്ട് ഇതിൽ ഉണ്ടായ കാലതാമസത്തിന് തൽക്കാലം കമ്മീഷൻ മറ്റ് നടപടികൾ സ്വീകരിക്കുന്നില്ല. അപ്പീൽ ഹർജിയിന്മേൽ തുടർ നടപടികൾ അവസാനിപ്പിച്ച് ഇന്നേ ദിവസം 05.11.2021ന് കമ്മീഷൻ അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
കെ.വി.സുധാകരൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

gk.